**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1209** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് മണ്ഡലത്തിൽ കായിക വകുപ്പ് അനുവദിച്ച ഫണ്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ 14 വർഷം കാസർഗോഡ് മണ്ഡലത്തിൽ കായിക വകുപ്പിൽ നിന്ന് വിവിധ പദ്ധതികൾക്കായി ആകെ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | വിവരം ശേഖരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത തുക ഏതെല്ലാം പ്രവൃത്തികൾക്കാണ് അനുവദിച്ചതെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (ബി) | വിവരം ശേഖരിച്ചുവരുന്നു. |
| (സി) | പൂർത്തീകരിച്ചതും പൂർത്തീകരിക്കാത്തതും ആരംഭിക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (സി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഡി) | എസ്റ്റിമേറ്റ് തയ്യാറായിട്ടും ഭരണാനുമതി നൽകാത്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |
| (ഇ) | കാസർഗോഡ് മണ്ഡലത്തിൽ ഏതെങ്കിലും സ്റ്റേഡിയത്തിന് ഏതെങ്കിലും വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്ന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ; | (ഇ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (എഫ്) | കാസർഗോഡ് മണ്ഡലത്തിൽ പിങ്ക് സ്റ്റേഡിയം നിർമ്മിക്കാൻ ആലോചനയുണ്ടായിരുന്നോ; എങ്കിൽ ഇതിനായി സ്ഥലം പരിശോധിച്ചിരുന്നോ; എവിടെ സ്റ്റേഡിയം നിർമ്മിക്കാനാണ് ആലോചിച്ചത്; വ്യക്തമാക്കാമോ? | (എഫ്) | ഉണ്ട്.<br><br>ഇതിനായി സ്ഥലം പരിശോധിച്ചിരുന്നു. കാസർഗോഡ് താളിപ്പടപ്പ് സ്റ്റേഡിയമാണ് പിങ്ക് സ്റ്റേഡിയമാക്കാൻ നിശ്ചയിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കാസർഗോഡ് ജില്ലയിൽ കായിക യുവജനകാര്യാലയം മുഖേന പ്രവൃത്തി പുരോഗമിക്കുന്ന പദ്ധതികൾ

| നമ്പർ | പദ്ധതി | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയത്തിൽ നിലവിലുള്ള വോളീബോൾ കോർട്ടിന് ഇന്റർ ലോക്ക് & ഫെൻസിംഗിന്റെ നിർമ്മാണ ഇന്റർ ലോക്ക് & ഫെൻസിംഗിന്റെ നിർമ്മാണം | 12.12 | പ്രവൃത്തികൾ നടന്നുവരുന്നു. 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30.10.2025 തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ഫിറ്റ്നസ് സെന്ററിന്റെ സീലിംഗ് പ്രവൃത്തികൾ ഉൾപ്പെടെയുള്ള സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു |
| 2 | തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവത്തൂരിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കൽ | 69.00 | 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 30.10.2025 തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ദർഘാസ് സ്വീകരിച്ചുവരുന്നു. |
| 3 | വോർക്കാടി പഞ്ചായത്ത് സ്റ്റേഡിയത്തിലെ കായിക അടിസ്ഥാന സൗകാര്യ വികസനം | 100.00 | സ്റ്റെപ്പ് ഗ്യാലറി നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഫെൻസിംഗിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു. 30% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 4 | മീഞ്ച പഞ്ചായത്ത് സ്റ്റേഡിയത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100.00 | കോമ്പൗണ്ട് വാളിന്റെ പി.സി.സി പ്രവൃത്തികൾ നടന്നുവരുന്നു. 10% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| 5 | എൻമകജെ ഗ്രാമ പഞ്ചായത്തിലെ കായിക അടിസ്ഥാന സൗകര്യ വികസനം | 100.00 | പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 6 | നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയത്തിലെ വാർഷിക പരിപാലനം 2024-2025 | 26.53 | നീലേശ്വരം ഇ.എം.എസ് സ്റ്റേഡിയത്തിലെ വാർഷിക പരിപാലനം നടന്നുവരുന്നു. |

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ

| നമ്പർ | പദ്ധതി | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസിലെ കളിസ്ഥലത്തിന്റെ വികസനം | 100.00 | ഗ്രൗണ്ട് ഡെവലപ്മെന്റ്, റീട്ടെയിനിംഗ് വാൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ 95% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 2 | മഞ്ചേശ്വരം ഗ്രാമപഞ്ചായത്ത് ഗ്രൗണ്ടിൽ കായിക അടിസ്ഥാന | 100.00 | പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിനായി കാസർഗോഡ് |

| | | | |
|---|---|---|---|
| | സൗകര്യങ്ങൾ സ്ഥാപിക്കൽ | | ശ്രീ. നസീർ.ഐ, എന്ന കരാറുകാരനുമായി 02.05.2025 തീയ്യതിയിൽ കരാറിലേർപ്പെട്ടുകയും സൈറ്റ് ക്ലിയറൻസ് പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ